K17U 1081

Reg. No.: ..............................

Name : ..................................

II Semester B.Sc. LRP/B.C.A./B.S.W. Degree (C.B.C.S.S. – Reg./Supple./Imp.) Examination, May 2017
COMMON COURSE IN MALAYALAM
2A082MAL : Sahithya Vibhagangal
(2016 Admn. Onwards)

Time : 3 Hours　　　　　　　　　　　　　　　　　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) 'പാപത്തറ' എന്ന കഥയിൽ ആവിഷ്കരിക്കപ്പെടുന്ന സാമൂഹിക പരിപ്രേക്ഷ്യം – വിശദീകരിക്കുക.

2) ചൂഷകർക്കെതിരെ ഓങ്ങിയ പടവാളാണ് 'രാവുണ്ണി'യിൽ പ്രകടമാകുന്ന ആക്ഷേപഹാസ്യം – പരിശോധിക്കുക.

3) മിത്തും ആഖ്യാനവും ഇഴചേർന്നു നിൽക്കുന്ന നോവലാണ് 'ഏഴിനും മീതെ' ചർച്ച ചെയ്യുക.

4) സിനിമയുടെ ബ്ലൂപ്രിന്റ് എന്ന നിലയിൽ 'പ്രാഞ്ചിയേട്ടൻ' എന്ന തിരക്കഥയുടെ ഗുണദോഷങ്ങൾ വിലയിരുത്തുക. **(2x7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ബഷീറിന്റെ കഥാകഥനത്തിന്റെ സവിശേഷതകൾ 'സ്വർണ്ണമാല' എന്ന കഥയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

6) 'അച്ചണ്ട വെന്തീഞ്ഞ ഇന്നാ' എന്ന കഥയിലെ ദളിത് പരിപ്രേക്ഷ്യം എഴുതുക.

7) 'കടം ജീവിതത്തിന്റെ അനിവാര്യതയായി മാറി' എന്നതിലൂടെ താജ് ഉന്നം വെയ്ക്കുന്നതെന്ത് ? വിശദീകരിക്കുക.

8) 'മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടായിരുന്ന ആത്മബന്ധം അനുഭവതീവ്രതയോടെ ആവിഷ്കരിക്കുന്ന കഥയാണ് 'മാണിക്കൻ' – ഉപന്യസിക്കുക.

P.T.O.

9) മാറുന്ന സംസ്കാരത്തിൽ നഷ്ടപ്പെട്ടുപോകുന്ന പലതിനെയും ഓർമ്മിപ്പിക്കുന്നതാണ് 'സാക്ഷി' എന്ന കഥ. പരിശോധിക്കുക.

10) സാറാജോസഫിന്റെ കഥാകഥനരീതി 'പാപത്തറ'യെ അടിസ്ഥാനമാക്കി വിശദീകരിക്കുക. **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) 'കരിയുമ്പോൾ വെരകാൻ കയിലേ ശേഷിക്കുകയുള്ളൂ എന്ന പരമാർഥം മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ആ മിഥ്യാഭിമാനിക്കില്ലാതെപോയി' – സൂചിതമെന്ത് ?

12) 'സന്തോഷത്തോടെ നോക്കുമ്പോൾ ഞെട്ടലോടെ കണ്ടു; ഭാര്യയുടെ കഴുത്തിൽ സ്വർണ്ണമാല ഇല്ല'' – വിശദീകരിക്കുക.

13) തിരക്കഥയുടെ ഘടകങ്ങൾ 'പ്രാഞ്ചിയേട്ട'നെ ഉദാഹരിച്ച് വിശദമാക്കുക.

14) 'ശബ്ദിക്കുന്ന കലപ്പ' എന്ന കഥയുമായി 'മാണിക്കനെ' താരതമ്യം ചെയ്യുക.

15) 'എടാ മില്ലിലെ പണിയൊക്കെയൊരു പീറയേർപ്പാടാണെടാ. യോഗ്യന്മാർക്കു ചേർന്ന പണി അങ്ങുന്നു കാണിച്ചു തന്നിരിക്കുന്നു'. – സന്ദർഭം വിശദീകരിക്കുക.

16) നിലാവുള്ള രാത്രികളിൽ ചാണകം മെഴുകി വൃത്തിയാക്കിയ മുറ്റത്ത് മണ്ണെണ്ണ വിളക്കിന്റെ മുമ്പിലിരുന്നുകൊണ്ട് അമ്മ ചോറു വിളമ്പിത്തന്നിരുന്നത് അയാളോർത്തു'' – വിശദീകരിക്കുക. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'ജന്മദിനം' എന്ന കഥയെഴുതിയതാര് ?

18) ലളിതാംബിക അന്തർജ്ജനത്തിന്റെ ഏത് നോവലിലെ കഥാപാത്രമാണ് ദേവീബഹൻ ?

19) പ്രാഞ്ചിയേട്ടനിലെ 'പോളി' എന്ന കഥാപാത്രത്തെ സിനിമയിൽ അവതരിപ്പിച്ച നടനാര് ?

20) 'പുലിജന്മം' എന്ന നാടകം എഴുതിയതാര് ?

21) 'നെനക്കെണ്ണ തേവസ്ഥിതമ്പാനെണ്ണു വിളിച്ചാലെന്നാ ?' ആരുടെ വാക്കുകൾ ?

22) 'ഇതാടാ...എന്റെ മോള്. കൊണ്ടുപൊയ്ക്കോ. അവള്ടെ ശരീരമായിരുന്നില്ലേ നിന്റങ്ങുന്നിന് ജാമ്യം നിന്നത്. അതതാ. കൊണ്ടുപൊയ്ക്കോ.'' ഏത് കൃതിയിൽ നിന്ന് ?

23) 'മഖൻ സിങ്ങിന്റെ മരണം' എന്ന കഥ ആരാണെഴുതിയത് ?

24) 'ആലാഹയുടെ പെണ്മക്കൾ' ആരുടെ രചനയാണ് ? **(6×1=6)**